പ്രാക്തന ഗോത്രവർഗ്ഗ പദ്ധതി

196(2243) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗ പദ്ധതി പ്രകാരം എത്ര കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട് എന്നുള്ളതിന്റെ വർഷം തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ; ഇതിലേയ്ക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; പദ്ധതി അനുസരിച്ചുള്ള വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നതിന്റെ ഭാഗമായി പ്രാക്തന ഗോത്ര വിഭാഗങ്ങൾക്ക് ഉണ്ടായിട്ടുള്ള പുരോഗതിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) പ്രാക്തന ഗോത്രവർഗ്ഗ പദ്ധതി പ്രകാരം കേന്ദ്ര സഹായമായി അനുവദിച്ച 148.00 കോടി രൂപയിൽ നിന്നും 133.20 കോടി രൂപ നാളിതുവരെ ലഭ്യമായിട്ടുണ്ട്.

(ബി) ഭവന നിർമ്മാണം, കുടിവെള്ള പദ്ധതികൾ, മണ്ണ് ജലസംരക്ഷണം, റോഡ് നിർമ്മാണം, വൈദ്യുതി ലൈൻ വലിക്കൽ, ഭക്ഷ്യസുരക്ഷാ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, പ്രത്യേക അംഗൻവാടികൾ, പെരിപ്പറ്റിക് സെന്ററുകൾ എന്നിവയാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ. പദ്ധതി അനുസരിച്ചുള്ള വിശദ വിവരങ്ങളുടെ ലിസ്റ്റും ചെലവ് വിവരവും ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

(സി) പുരോഗതി വിലയിരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly